പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം.

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ റ്റി 3339

14.07.2015-ൽ മറുപടിയ്ക്ക്

## ഗവൺമെന്റ് പ്ലീഡർ/ സ്റ്റേറ്റ് അറ്റോർണി/ഡയറക്ടർ ജനറൽ ഓഫ് പ്രോസിക്യൂഷൻ/അഡ്വക്കേറ്റ് ജനറൽ തുടങ്ങിയവരുടെ ശമ്പള വർദ്ധന

ചോദ്യം

ഉത്തരം

ശ്രീ എം.ചന്ദ്രൻ
ശ്രീ എ.എം.ആരിഫ്
ശ്രീ കെ.വി.അബ്ദുൾ ഖാദർ
ശ്രീ ആർ.രാജേഷ്

ശ്രീ.കെ.എം.മാണി
ബഹു.ധനകാര്യവും നിയമവും
ഭവന നിർമ്മാണവും
വകുപ്പ് മന്ത്രി

| | | |
|---|---|---|
| (എ) | ഗവൺമെന്റ് പ്ലീഡർ/ സ്റ്റേറ്റ് അറ്റോർണി/ ഡയറക്ടർ ജനറൽ ഓഫ് പ്രോസിക്യൂഷൻ/ അഡ്വക്കേറ്റ് ജനറൽ തുടങ്ങിയവരുടെ ശമ്പളവും ആനുകൂല്യങ്ങളും വർദ്ധിപ്പിക്കാൻ സർക്കാർ തീരുമാനം എടുത്തിട്ടുണ്ടോ; വിശദമാക്കാമോ; | അഡ്വക്കേറ്റ് ജനറലിന്റെ റീട്ടെയ്നർ ഫീസ് 70,000/- രൂപയിൽ നിന്നും 2,00,000/- രൂപയായും സുപ്രീംകോടതി മുൻപാകെ ഹാജരാകുന്നതിന്, അപ്പിയറൻസിന് 20,000/- രൂപയിൽ നിന്നും 40,000/-രൂപയായും 27.04.2015-ലെ സ.ഉ(കൈ) 72/2015/നിയമം നമ്പർ ഉത്തരവ് പ്രകാരം വർദ്ധിപ്പിച്ചിട്ടുള്ളതാണ്. പ്രസ്തുത ഉത്തരവിന് 18.05.2015-ലെ സ.ഉ(കൈ)82/2015/നിയമം നമ്പർ ഉത്തരവ് പ്രകാരം റീട്ടെയ്നർ ഫീസിന് 01.04.2012 മുതൽ മുൻകാല പ്രാബല്യം നൽകിയിട്ടുണ്ട്.<br>ഡയറക്ടർ ജനറൽ ഓഫ് പ്രോസിക്യൂഷനും മേൽ വർദ്ധന ബാധകമാക്കിയിട്ടുണ്ട്.<br>08.10.2012-ലെ സ.ഉ(കൈ) 216/ 2012/നിയമം നമ്പർ ഉത്തരവ് പ്രകാരം സ്റ്റേറ്റ് അറ്റോർണിയുടെ വേതനവും മറ്റാനുകൂല്യങ്ങളും വർദ്ധിപ്പിച്ചിട്ടുണ്ട്. |

| | | |
|---|---|---|
| | | 13.09.2013-ലെ സ.ഉ(കൈ) 170/ 2013/നിയമം നമ്പർ ഉത്തരവ് മുഖേനയാണ് ബഹു.ഹൈക്കോടതിയിലെ ഗവൺമെന്റ് ലാ ആഫീസർമാരുടെ വേതനം അവസാനമായി വർദ്ധിപ്പിച്ചത്. പ്രസ്തുത ഉത്തരവ് പ്രകാരം ബഹു.ഹൈക്കോടതിയിലെ ഗവൺമെന്റ് പ്ലീഡർമാർക്ക് 55,000/- രൂപയും, സീനിയർ ഗവൺമെന്റ് പ്ലീഡർമാർക്ക് 65,000/- രൂപയും സ്പെഷ്യൽ ഗവൺമെന്റ് പ്ലീഡർമാർക്ക് 75,000/- രൂപയും ആയി വേതനം നൽകി വരുന്നു. |
| (ബി) | എങ്കിൽ ഏതു തീയതി മുതൽ മുൻകാല പ്രാബല്യം നൽകിക്കൊണ്ടാണ് തീരുമാനം കൈക്കൊണ്ടിട്ടുള്ളത്; വർദ്ധന സംബന്ധിച്ച് തീരുമാനം എടുത്തത് എന്ത് മാനദണ്ഡത്തിന്റെയും, ആരുടെ ശിപാർശയുടെയും അടിസ്ഥാനത്തിലാണെന്ന് വെളിപ്പെടുത്താമോ; പ്രസ്തുത ശമ്പള വർദ്ധന മൂലമുണ്ടാകുന്ന അധികബാദ്ധ്യതകളെ കുറിച്ച് വിശദമാക്കാമോ; | അഡ്വക്കേറ്റ് ജനറലിന്റെ റീട്ടെയ്നർ ഫീസ് വർദ്ധനവിന് 01.04.2012 മുതൽ 8.05.2015-ലെ സ.ഉ(കൈ)82/2015/നിയമം നമ്പർ ഉത്തരവ് പ്രകാരം മുൻകാല പ്രാബല്യം നൽകിയിട്ടുണ്ട്. നിലവിലുള്ള അഡ്വക്കേറ്റ് ജനറൽ ചുമതലയേറ്റതിനു ശേഷം സർക്കാർ കേസുകൾ വാദിക്കുന്നതിനു വേണ്ടി സുപ്രീംകോടതിയിലെ മുതിർന്ന അഭിഭാഷകരുടെ സേവനം ഉപയോഗപ്പെടുത്തിയിട്ടില്ലാത്തതും ഹാജരായ പ്രധാനപ്പെട്ട എല്ലാ കേസുകളിലും സർക്കാരിന് അനുകൂലമായ വിധി ഉണ്ടായിട്ടുള്ളതുമാണ്. കൂടാതെ മുൻസർക്കാരിന്റെ കാലത്ത് ഈ ഇനത്തിൽ ഉണ്ടായ ഭീമമായ ചിലവിൽ നിന്നും വളരെ കുറഞ്ഞ തുകയാണ് സർക്കാരിന് ചിലവായിട്ടുള്ളത്. അതിന്റെ അടിസ്ഥാനത്തിലും നിലവിലുള്ള ജീവിത സൂചികാ നിലവാരത്തിലുള്ള വർദ്ധനവും കണക്കിലെടുത്തുകൊണ്ട് മന്ത്രിസഭാ യോഗമാണ് ഫീസ് വർദ്ധനവ് സംബന്ധിച്ച തീരുമാനമെടുത്തത്.<br>അഡ്വക്കേറ്റ് ജനറലിന്റെ റീട്ടെയ്നർ ഫീസ് വർദ്ധിപ്പിച്ചതുമൂലം പ്രതിമാസം 1,30,000/- രൂപയുടെ അധികബാദ്ധ്യത സർക്കാരിന് ഉണ്ടാകും. |

| | | |
|---|---|---|
| (സി) | പ്രസ്തുത ശമ്പള വർദ്ധന സംബന്ധമായ നിർദ്ദേശം ധനകാര്യ വകുപ്പിന്റെ പരിഗണനയ്ക്ക് സമർപ്പിക്കപ്പെട്ടത് എപ്പോഴായിരുന്നു; അതിനു മുമ്പേ സമർപ്പിക്കപ്പെട്ട ഇത്തരം നിർദ്ദേശങ്ങളിൻമേൽ തീരുമാനം എടുക്കാനിരിക്കെ ഇക്കാര്യത്തിൽ ധൃതി പിടിച്ച് തീരുമാനം എടുക്കാനിടയായ സാഹചര്യം എന്തായിരുന്നുവെന്ന് വ്യക്തമാക്കാമോ; | പ്രസ്തുത ഫീസ് വർദ്ധനവിന്റെ നിർദ്ദേശം 09.04.2015-നാണ് ധനകാര്യ വകുപ്പിന്റെ പരിഗണനയ്ക്ക് സമർപ്പിച്ചത്. 25.03.2015-ലെ മന്ത്രിസഭാ യോഗ തീരുമാനത്തിന്റെ അടിസ്ഥാനത്തിലാണ് ഫീസ് വർദ്ധിപ്പിച്ചത്. അഡ്വക്കേറ്റ് ജനറലിന്റെ ഫീസ് വർദ്ധിപ്പിച്ച തീരുമാനം ധൃതി പിടിച്ച് എടുത്തതല്ല. |

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ